# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 25 വ്യാഴം

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## സംസ്ഥാനത്തെ അഞ്ച് ഇക്കോ സോണുകളാക്കി തിരിക്കും: മന്ത്രി വി എസ് സുനിൽകുമാർ

റീബിൽഡ് കേരളയുടെ ഭാഗമായി കേരളത്തെ അഞ്ച് ഇക്കോളജിക്കൽ സോണുകളാക്കി തിരിക്കുമെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി അഡ്വ. വി.എസ് സുനിൽകുമാർ അറിയിച്ചു. തൃശൂർ ടൗൺ ഹാളിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സംഘടിപ്പിച്ച കർഷക സഭകളുടെ ജില്ലാതല ക്രോഡീകരണവും കാർഷിക സെമിനാറും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഒരേ രീതിയിലുള്ള മണ്ണിന്റെ ഘടന, ജലലഭ്യത, കാലാവസ്ഥ, മറ്റ് ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ എന്നിവയാണ് സോണുകൾക്ക് അടിസ്ഥാനമാക്കുക. അഞ്ച് സോണുകളെ 28 അഗ്രോ ഇക്കോളജിക്കൽ സോണുകളാക്കി വേർതിരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും എന്ത് കൃഷി ചെയ്യാം, എന്ത് കൃഷി ചെയ്യരുത് എന്ന് മാർഗരേഖ തയാറാക്കും. ഓരോ പ്രദേശത്തിനും തനതായ സൂക്ഷ്മതലത്തിൽ യൂനിറ്റ് അടിസ്ഥാനത്തിലുള്ള മാറ്റങ്ങൾ കൃഷിയിൽ കൊണ്ടുവരും. ഇതിനായി വിദഗ്ധ സമിതിയെ നിയോഗിച്ചതായും മന്ത്രി അറിയിച്ചു.

സംസ്ഥാനത്ത് വിൽപന നടത്തുന്ന വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ഗുണനിലവാരം ഉറപ്പാക്കാൻ സർക്കാർ നിയമ നിർമ്മാണം നടത്തും. നിയമനിർമ്മാണത്തിനുള്ള കരട് കാർഷിക സർവകലാശാല തയാറാക്കി. നിലവിൽ സ്വകാര്യ നഴ്സറികളും മറ്റും വിതരണം ചെയ്യുന്ന വിത്തുകളുടെയും നടീൽ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കാൻ കഴിയുന്നില്ല. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ജൈവവളത്തിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള ലബോറട്ടറിയും കേരളത്തിലില്ല. ജൈവവളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാനുള്ള മാർഗരേഖ സർക്കാർ നിശ്ചയിച്ചതായും അതിനുള്ള നിയമം കൂടി കൊണ്ടുവരുമെന്നും മന്ത്രി പറഞ്ഞു.

'കേര കേരളം, സമൃദ്ധ കേരളം' പദ്ധതിയുടെ ഭാഗമായി കേടുവന്ന തെങ്ങിൻതൈകൾ വെട്ടിക്കളയാനും രണ്ട് കോടി തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഭാഗമായി ഗുണനിലവാരമുള്ള തെങ്ങിൻതൈകൾ പകുതി വിലയ്ക്ക് നൽകും. കൃഷി ലാഭകരമല്ല എന്നത് തെറ്റായ പ്രചരണമാണെന്നും മന്ത്രി പറഞ്ഞു. കർഷകസഭകളിൽനിന്ന് ഉയർന്നുവന്ന നിർദേശങ്ങൾ ക്രോഡീകരിച്ച് സംസ്ഥാനതലത്തിൽ പദ്ധതികളുടെ ആസൂത്രണത്തിൽ പ്രയോജനപ്പെടുത്തുമെന്നും മന്ത്രി അറിയിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസ് അധ്യക്ഷത വഹിച്ചു. കർഷകസഭ, ഞാറ്റുവേലച്ചന്ത ജില്ലാതല ക്രോഡീകരണ റിപ്പോർട്ട് യു.ആർ. പ്രദീപ് എം.എൽ.എ മന്ത്രിക്ക് നൽകി പ്രകാശനം ചെയ്തു. യു.ആർ. പ്രദീപ് എം.എൽ.എ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് എൻ.കെ. ഉദയപ്രകാശ്, ജില്ലാ പഞ്ചായത്ത് വികസന സ്ഥിരം സമിതി ചെയർപേഴ്സൺ ജെന്നി ജോസഫ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ കെ. രാധാകൃഷ്ണൻ എന്നിവർ സംസാരിച്ചു. ആത്മ പ്രൊജക്ട് ഡയറക്ടർ അനിത കരുണാകരൻ റിപ്പോർട്ട് അവതരിപ്പിച്ചു.

ജൈകൃഷി രീതികൾ സംബന്ധിച്ച് കാർഷിക സർവകലാശാലയിലെ ഡോ. കെ.ഇ. ഉഷയും മണ്ണിന്റെ ഫലപൂയിഷ്ഠതയും പരിപാലന മുറകളും എന്ന വിഷയത്തിൽ ഡോ. വി. തുളസിയും ക്ലാസെടുത്തു. വി.എസ് റോയി കാർഷിക പ്രശ്നോത്തരി നയിച്ചു. തുടർന്ന് കൃഷിശാസ്ത്രജ്ഞരും കർഷകരും തമ്മിൽ മുഖാമുഖവും നടന്നു.

## പൂമല ഡാം ഷട്ടറുകൾ തുറക്കും: ജാഗ്രത പാലിക്കണം

പൂമല ഡാമിൽ ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ 28 അടിയായി നിലനിർത്തുന്നതി നായി ഡാം ഷട്ടറുകൾ തുറക്കുന്നതിനാൽ ഇരുകരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണ മെന്നും പുഴയിൽ മീൻപിടുത്തം ഉൾപ്പെടെയുള്ള അനുബന്ധപ്രവൃത്തികൾ പാടില്ലെന്നും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടർ എസ് ഷാനവാസ് അറി യിച്ചു. ഇത് സംബന്ധിച്ച അടിയന്തിര നിർദ്ദേശം മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീ യർ നൽകി. ഡാം പകൽ സമയത്ത് മാത്രം തുറന്ന് വിടാനും ജില്ലാ കളക്ടർ നിർദ്ദേശിച്ചു. നില വിൽ 27 അടിയാണ് ഡാമിലെ ജലനിരപ്പ്. 27.5 അടിയാകുമ്പോൾ ഒന്നാമത്തെ മുന്നറിയിപ്പ് നൽകും. 28 അടിയിൽ രണ്ടാമത്തെ മുന്നറിയിപ്പും നൽകണമെന്നും 28.5 അടിയായാൽ നാല് ഷട്ടറുകളിൽ രണ്ട് ഷട്ടറുകൾ തുറക്കണമെന്നുമാണ് നിർദ്ദേശം. 29 അടിയാണ് പരമാവധി ജലനിരപ്പ്.

## ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട് സംസ്ഥാനത്ത് മുഴുവൻ ബാധകമാക്കാൻ ന്യൂനപക്ഷ കമീഷൻ ശുപാർശ

1872 ലെ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട് പഴയ കൊച്ചി, തിരുവിതാംകൂർ ഭൂപ്രദേശങ്ങളിൽ കൂടി ബാധകമാക്കുന്നതിനു വേണ്ട നിയമനിർമ്മാണത്തിന് നടപടികളെടുക്കാൻ കേരള സർക്കാരിനോടും നിയമ വകുപ്പിനോടും സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ശുപാർശ ചെ യ്തു. സംസ്ഥാനത്തു ക്രിസ്ത്യൻ സമുദായത്തിന്റെ വിവാഹം സംബന്ധിച്ച് രണ്ട് നിയമങ്ങളാണ് പ്രാബല്യത്തിലുള്ളത്. മലബാർ പ്രദേശത്തു കേന്ദ്ര നിയമമായ 1872ലെ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ടും പഴയ കൊച്ചി നാട്ടുരാജ്യങ്ങൾക്ക് 1095 ലെ കൊച്ചിൻ ക്രിസ്ത്യൻ സിവിൽ മാര്യേജ് ആക്റ്റും തിരുവിതാംകൂറിൽ കാനോണിയൻ നിയമങ്ങളാണ് ബാധകമായിട്ടുള്ളത്. ഹർജിക്കാരനായ അഡ്വ. സോളമൻ വർഗീസ് സമർപ്പിച്ച പരാതിയിൽ ഏകീകൃത ക്രിസ്ത്യൻ മാര്യേജ് ആക്ട് നടപ്പിലാക്കാത്തതുമൂലം വിവാഹ രജിസ്ട്രേഷന് നേരിടുന്ന ബുദ്ധിമുട്ടുകൾ കമ്മീഷന് ബോധ്യപ്പെട്ടു. ഇതിൻെറ അടിസ്ഥാനത്തിൽ പ്രത്യേക നിയമ നിർമ്മാണത്തിനായി ശുപാർശ ചെയ്തു. തൃശൂരിൽ നടന്ന തൃശൂർ, പാലക്കാട് ജില്ലാതല ന്യൂനപക്ഷ അദാലത്തിലാണ് നടപടി.

പാലക്കാട് കാവശ്ശേരിയിലെ അലുവ കമ്പനി മലിനീകരണ നിയന്ത്രണ ബോർഡിൻെറ അനുമതിയില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന സമീപവാസികളുടെ പരാതിയിൽ കമ്പനിയുടെ പ്രവർത്തനം ഉടൻ നിർത്തി വെക്കാനും മലിനീകരണ നിയന്ത്രണബോർഡിന്റെ അനുമതിക്ക് ശേഷം പ്രവർത്തനം ആരംഭിക്കാനും കമ്മീഷൻ നിർദേശിച്ചു.

കോഴ്സ് ട്രെയിനിങ് പൂർത്തിയാക്കിയിട്ടും കോഴ്സ് സർട്ടിഫിക്കറ്റ് നൽകിയില്ലെന്നു കുന്നംകുളം പോളിടെക്നിക്കിലെ വിദ്യാർത്ഥികളുടെ പരാതിയിന്മേൽ ഉടൻ തീർപ്പുകൽപ്പിക്കാൻ നിർദേശിച്ചു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ ഗ്രേഡ് രണ്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ഡിഎംഒ നിയമന ശുപാർശ നൽകുന്നില്ലെന്ന ഉദ്യോഗാർത്ഥിയുടെ പരാതിയിൽ ഉടൻ വിശദീകരണവും കമീഷൻ ആവശ്യപ്പെട്ടു. അദാലത്തിൽ സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ അംഗം അഡ്വ. മുഹമ്മദ് ഫൈസൽ അധ്യക്ഷത വഹിച്ചു. 62 പരാതികളിൽ എട്ടെണ്ണം തീർപ്പാക്കി.

## നവോദയ പ്രവേശനം ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

മായന്നൂർ ജവഹർ നവോദയ വിദ്യാലയത്തിലേക്ക് 2020-2021 അദ്ധ്യയന വർഷത്തേക്കുള്ള ആറാം ക്ലാസ്സ് പ്രവേശനപരീക്ഷയ്ക്ക് അഞ്ചാം ക്ലാസ്സിൽ പഠിക്കുന്നവർക്ക് സെപ്തംബർ 15 നകം ഓൺലൈനായി അപേക്ഷിക്കാം. പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തിയ നിശ്ചിത മാതൃകയിലു ള്ള അപേക്ഷ www.navodaya.gov.in എന്ന വെബ്സൈറ്റ് വഴിയോ മായന്നൂർ നവോദയ വിദ്യാ ലയ അഡ്മിഷൻ ഹെൽപ് ഡെസ്ക് വഴിയോ രജിസ്റ്റർ ചെയ്യാം. ഫോൺ : 04884-286260, 7025068379, 8848365457.

## ഫലം പ്രസിദ്ധീകരിച്ചു

ഐഎച്ച്ആർഡി 2019 ജൂണിൽ നടത്തിയ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പി.ജി.ഡി.സി.എ)/ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഓഡിയോ എഞ്ചിനീയറിംഗ്

(പി.ജി.ഡി.എ.ഇ)/ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡി.സി.എ)/ ഡിപ്ലോമ ഇൻ ഡാറ്റാ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ആട്ടമേഷൻ (ഡി.ഡി.റ്റി.ഒ.എ)/ സർട്ടിഫിക്കേറ്റ് കോഴ്സ് ഇൻ ലൈബ്രറി ഇൻഫർമേഷൻ സയൻസ് (സി.സി.എൽ.ഐ.എസ്) എന്നീ കോഴ്സുകളുടെ റഗുലർ/ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാ ഫലവും മാർക്കിന്റെ വിശദാംശങ്ങളും അതാത് പരീക്ഷാ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടാൽ അറിയാവുന്നതാണ്. ഐഎച്ച്ആർഡിയുടെ വെബ്സൈറ്റിലും പരീക്ഷാഫലം ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷ ആഗസ്റ്റ് അഞ്ചിനകം അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ പിഴ കൂടാതെയും ആഗസ്റ്റ് 12 വരെ ഇരുനൂറ് രൂപ ലേറ്റ് ഫീ സഹിതവും നൽകാം. ഡിസംബർ 2019 ലെ സപ്ലിമെന്ററി പരീക്ഷയ്ക്കായുള്ള (2010 സ്കീമിലെ രണ്ടാം സെമസ്റ്റർ ഡി.ഡി.റ്റി.ഒ.എ, രണ്ടാം സെമസ്റ്റർ പി.ജി.ഡി.സി.എ) പ്രത്യേകാനുമതി ആവശ്യമുള്ളവർ അപേക്ഷ ആഗസ്റ്റ് 20 നകം 200 രൂപ ലേറ്റ് ഫീയോടുകൂടി ആഗസ്റ്റ് 30 വരെയും അതാത് സ്ഥാപനമേധാവികൾ മുഖേന നൽകണം.

## 'തീരശ്രീ 2019'
## സംസ്ഥാനതല ഉദ്ഘാടനം 27 ന്

'തീരശ്രീ' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ജൂലൈ 27 രാവിലെ പത്തിന് കൈപ്പമംഗലം ഗ്രാൻഡ് ഓഡിറ്റോറിയത്തിൽ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി എ സി മൊയ്തീൻ നിർവഹിക്കും. ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ അദ്ധ്യക്ഷത വഹിക്കും. തീരദേശ മേഖലയിലെ കുടുംബശ്രീ സംഘടന സംവിധാനത്തിന്റെ സമഗ്രമായ നവീകരണവും വ്യാപനവും ആണ് 'തീരശ്രീ' പദ്ധതി ലക്ഷ്യമിടുന്നത്. അഞ്ച് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് ദിനംപ്രതി സായാഹ്നങ്ങളിൽ പ്രത്യേക സംശയനിവാരണ ക്ലാസ്സായ 'പ്രതിഭാതീരം' പരിപാടിയും സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെ കുട്ടികൾ, കൗമാരക്കാർ, യുവതീ-യുവാക്കൾ എന്നിവർക്കായി കായികപരിശീലനം ലക്ഷ്യമിടുന്ന 'കായികതീരം' പദ്ധതിയും ഇതിലുൾപ്പെടും.

'പ്രതിഭാതീരം' കുട്ടികൾക്കുള്ള പഠനോപകരണ വിതരണം ബെന്നി ബഹനാൻ എംപിയും 'കായികതീരം' കുട്ടികൾക്കുള്ള കുടുംബശ്രീ കിറ്റ് വിതരണം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസും 'മുറ്റത്തെ മുല്ല' പദ്ധതി ആദ്യ വായ്പാ വിതരണം മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ കെ അബീദലിയും നിർവഹിക്കും. തീരദേശത്തെ അവസ്ഥാ-ആവശ്യകതാപഠനം ധാരണാപത്രം കൈമാറൽ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡണ്ട് കെ കെ സതീശനും തീരദേശ അയൽക്കൂട്ടങ്ങൾക്കുള്ള റിവോൾവിങ്ങ് ഫണ്ട് വിതരണം കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ടി വി സുരേഷ്ബാബും നിർവഹിക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാരായ ഇ കെ തോമസ്, പ്രസാദിനി മോഹനൻ, ഇ ജി സുരേന്ദ്രൻ, ഇ കെ മല്ലിക, കെ കെ സച്ചിത്ത്, എ ഡി ആദർശ് തുടങ്ങിയവർ ആശംസ നേരും. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ് ഹരി കിഷോർ പദ്ധതി വിശദീകരിക്കും. കുടുംബശ്രീ സംസ്ഥാന മിഷൻ പ്രോഗ്രാം ഓഫീസർ കെ വി പ്രമോദ് സ്വാഗതവും കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ കെ വി ജ്യോതിഷ്കുമാർ നന്ദിയും പറയും.

## കയ്പമംഗലം പഞ്ചായത്തിന്
## ഐഎസ്ഒ അംഗീകാരം

ജനങ്ങൾക്ക് കാലതാമസമില്ലാതെ മികച്ച ഗുണമേന്മയുള്ള സേവനം നൽകിയ കയ്പമംഗലം ഗ്രാമപഞ്ചായത്തിന് മികവിനുള്ള ഐഎസ്ഒ സർട്ടിഫിക്കറ്റ്. സെപ്റ്റംബർ ആദ്യവാരം ഔദ്യോഗിക ഫലപ്രഖ്യാപനവും ഫ്രണ്ട് ഓഫീസ് ഉദ്ഘാടനവും നടക്കും. ഹൈദരാബാദ് ആസ്ഥാനമായുള്ള ടാറ്റ ക്വാളിറ്റി സർവ്വീസ് എന്ന സ്ഥാപനം ഇക്കഴിഞ്ഞ മെയ് എട്ടിനാണ് പഞ്ചായത്തിന് അംഗീകാരം നൽകിയത്. ഇവരുടെ രണ്ട് തലത്തിലുള്ള ഓഡിറ്റ് നടന്നതിന് ശേഷമാണ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയത്. 2022 മെയ് എഴ് വരെയാണ് സർട്ടിഫിക്കറ്റിന്റെ കാലാവധി.

ഐഎസ്ഒ അംഗീകാരത്തിനായി മികച്ച പൗരാവകാശ രേഖ തയ്യാറാകുകയായിരുന്നു പഞ്ചായത്ത് ആദ്യം ചെയ്തത്. ഇതിനായി പൗര സർവ്വേ നടത്തി അതിന്റെ ഫലത്തിന്റെ അടിസ്ഥാനത്തിൽ രേഖ തയ്യാറാക്കി. ഫ്രണ്ട് ഓഫീസ് സേവനം കാര്യക്ഷമമാക്കി. പൊതുജനങ്ങൾക്ക് വിശ്രമിക്കാൻ പാകത്തിൽ ഇരിപ്പിടങ്ങളൊരുക്കി ടെലിവിഷൻ, ആനുകാലികങ്ങൾ, പത്രങ്ങൾ എന്നിവ ഏർപ്പെടുത്തി. സ്ത്രീ സൗഹൃദ ടോയ്‌ലറ്റ്, റാമ്പ്, അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയാൻ ടച്ച് സ്ക്രീൻ സൗകര്യം, വിവിധ ബോർഡുകൾ എന്നിവയും സജ്ജീകരിച്ചു. ഫയലുകൾ തരം തിരിച്ചും വർഷം തിരിച്ചും സേവനം വേഗത്തിൽ ലഭ്യമാക്കാൻ ഉതകുന്ന തരത്തിൽ വിശാലമായ റെക്കോർഡ് റൂം തയ്യാറാക്കി. തുടർന്ന് നടത്തിയ പരിശോധനയിൽ തടസ്സങ്ങളൊന്നുമില്ലാത്തതിനാൽ സർട്ടിഫിക്കറ്റ് നൽകുകയായിരുന്നു. കഴിഞ്ഞ ഒരു വർഷമായി ഭരണസമിതിയും ഉദ്യോഗസ്ഥരും നടത്തിയ തീവ്രശ്രമത്തിനുള്ള അംഗീകാരമാണിതെന്ന് പഞ്ചായത്ത് പ്രസിഡന്റ് ടി.വി. സുരേഷ്ബാബു പറഞ്ഞു.

## കേരള സംഗീത നാടക അക്കാദമി
## സ്വാതി സംഗീത പുരസ്കാര സമർപ്പണം 29ന്

ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തിലെ പ്രതിഭകൾക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ വിശിഷ്ട ബഹുമതിയായ സ്വാതി സംഗീത പുരസ്കാരം ജൂലൈ 29ന് വൈകീട്ട് 5.30ന് കെ.ടി. മുഹമ്മദ് സ്മാരക തിയേറ്ററിൽ ടി.വി.ഗോപാലകൃഷ്ണന് സാംസ്കാരിക വകുപ്പ് മന്ത്രി എ.കെ.ബാലൻ സമർപ്പിക്കും. 2016ലെ പുരസ്കാര സമർപ്പണമാണ് നടക്കുക. ഏഴ് പതിറ്റാണ്ടിലേറെക്കാലമായി ഇന്ത്യൻ സംഗീതത്തിലെ വിസ്മയമായ ടി.വി. ഗോപാലകൃഷ്ണൻ ഒരേസമയം ഉപകരണസംഗീതത്തിലും വായ്പാട്ടിലും അന്യൂനമായ പ്രതിഭാ വൈദഗ്ധ്യത്തിനുടമയാണ്. ഇന്ത്യൻ സംഗീതത്തിലെ രണ്ട് പാരമ്പര്യ ധാരകളിലും പ്രഗല്ഭനായ അത്യപൂർവ്വം സംഗീതജ്ഞരിൽ ഒരാളാണ്.

ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ അദ്ധ്യക്ഷത വഹിക്കും. അക്കാദമി ചെയർപേഴ്സൻ കെ.പി.എ.സി ലളിത മുഖ്യാതിഥി ആയിരിക്കും. പ്രശംസാപത്രവായന അക്കാദമി വൈസ് ചെയർമാൻ സേവ്യർ പുൽപ്പാട്ട് നിർവ്വഹിക്കും. സെക്രട്ടറി എൻ.രാധാകൃഷ്ണൻ നായർ, സാഹിത്യ അക്കാദമി സെക്രട്ടറി കെ.പി. മോഹനൻ, ലളിതകലാ അക്കാദമി സെക്രട്ടറി പൊന്ന്യം ചന്ദ്രൻ എന്നിവർ പങ്കെടുക്കും. പുരസ്കാര സമർപ്പണചടങ്ങിന് ശേഷം രാമകൃഷ്ണൻ മൂർത്തിയുടെ സംഗീത കച്ചേരി ഉണ്ടായിരിക്കും.

## പ്രകൃതിയെ വായിക്കുന്നവരാണ് കവികൾ:
## ഇ ജിനൻ

പ്രകൃതിയെ പുസ്തകം പോലെ വായിക്കുന്നവരാണ് കവികളെന്ന് ബാലസാഹിത്യകാരനായ ഇ ജിനൻ. പ്രകൃതിയെ വായിക്കുന്നവരാകാൻ നല്ല പുസ്തകങ്ങൾ നമ്മെ സഹായിക്കുകയും ചെയ്യും. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിക്കുന്ന അക്ഷരയാത്രയുടെ കൊടുങ്ങല്ലൂർ ഗവ. ഹയർസെക്കൻഡറി സ്കൂളിലെ ഉദ്ഘാടനം നിർവഹിച്ച് കുട്ടികളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. സാഹിത്യകാരൻ ബക്കർ മേത്തല അദ്ധ്യക്ഷത വഹിച്ചു. ഹെഡ്മിസ്ട്രസ് എം എസ് സുമംഗലി, സീനിയർ അസിസ്റ്റന്റ് കെ എ ഷീജ, കുട്ടികളുടെ പ്രതിനിധി ബി എം സ്വാതി, എഡിറ്റോറിയൽ അസിസ്റ്റന്റ് നവനീത് കൃഷ്ണൻ എസ് എന്നിവർ സംസാരിച്ചു. കുട്ടികൾക്കുള്ള 215 പുസ്തകങ്ങളുമായാണ് അക്ഷരയാത്ര സ്കൂളിൽ എത്തിയിരിക്കുന്നത്. ജില്ലയിലെ ഏതു കുട്ടിക്കും 50 ശതമാനം വിലക്കിഴിവോടെ ഈ പുസ്തകങ്ങൾ വാങ്ങാം.

## ധനസഹായം:
## അപേക്ഷ ക്ഷണിച്ചു

ജയിൽ വിമുക്തരായ മുൻ കുറ്റവാളികൾ, പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് പ്രകാരം പ്രൊബേഷൻ റിലീസ് ലഭിച്ച പ്രൊബേഷണർമാർ, ജയിൽ ശിക്ഷ അനുഭവിക്കുന്നവരുടെ വരുമാനമാർഗ്ഗമില്ലാത്ത ആശ്രിതർ (ഭാര്യ/ഭർത്താവ്/കുട്ടികൾ) എന്നിവരിൽ നിന്ന് സ്വയം തൊഴിൽ

ആരംഭിക്കുന്നതിന് ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങളും അപേക്ഷഫോറവും അയ്യന്തോൾ സിവിൽ സ്റ്റേഷനിലെ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 26. ഫോൺ : 0487-2363999.

## വിദ്യാഭ്യാസ ധനസഹായം: അപേക്ഷ ക്ഷണിച്ചു

അതിക്രമത്തിനിരായി കൊല്ലപ്പെട്ടവരുടെയും കിടപ്പിലായവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നു. അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾക്കും ഒന്നു മുതൽ അഞ്ച് വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 3000 രൂപയും ആറു മുതൽ പത്ത് വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 5000 രൂപയും പ്ലസ്ടു, ഐടിഐ, പോളിടെക്നിക്ക് എന്നീ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 7500 രൂപയും പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ബിരുദക്ലാസ്സുകളിലുള്ളവർക്ക് 10000 രൂപയും പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ബിരുദാനന്തര ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 15000 രൂപയും സർക്കാർ അംഗീകൃത കമ്പ്യൂട്ടർ കോഴ്സ് പഠിക്കുന്നവർക്ക് 10000 രൂപയുമാണ് ഒരു അക്കാദമിക് വർഷം ലഭിക്കുക. വിശദവിവരങ്ങളും അപേക്ഷഫോറവും അയ്യന്തോൾ സിവിൽ സ്റ്റേഷനിലെ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 26. ഫോൺ : 0487-2363999.

## സീറ്റൊഴിവ്

കുഴൽമന്ദം ഗവ. ഐടിഐ നടത്തുന്ന ത്രൈമാസ കോഴ്സായ ലിഫ്റ്റ് ഇറക്ടർ പരിശീലനത്തിന് ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. എസ്എസ്എൽസി പാസ്സായ ആൺകുട്ടികൾക്ക് അപേക്ഷിക്കാം. ഫോൺ : 04922-273888, 9061899611.

## വന അദാലത്ത് സെപ്റ്റംബർ രണ്ടിന്

തൃശൂർ ജില്ലയിൽ വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ടറിയുന്നതിനും അവ പരിഹരിക്കുന്നതിനുമായി സെപ്റ്റംബർ രണ്ടിന് രാവിലെ 10 മുതൽ ഒരു മണിവരെ ചാലക്കുടി മുനിസിപ്പൽ ടൗൺ ഹാളിൽ വന അദാലത്ത് നടത്തും. പട്ടയ സംബന്ധമായ പരാതികൾ ഒഴികെ വനം സംബന്ധിച്ച എല്ലാ പരാതികളും പൊതുജനങ്ങൾക്ക് അറിയിക്കാനുള്ള അവസരമാണ് വനം അദാലത്ത് ലക്ഷ്യമിടുന്നത്. പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പറുമുള്ള പരാതി ഓഗസ്റ്റ് 22 വരെ വനം വകുപ്പിന്റെ തൃശൂർ ജില്ലയിൽ ഓഫീസുകളിൽ നേരിട്ടോ തപാൽ മുഖേനയോ vanadalathtsr@gmail.com എന്ന ഇ-മെയിൽ വഴിയോ നൽകാം. അദാലത്തിൽ വനം മന്ത്രിയും ജനപ്രതിനിധികളും വനം, റവന്യൂ ഇതര വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരും പങ്കെടുക്കും. പരാതി സമർപ്പിച്ച എല്ലാവരും അദാലത്തിൽ പങ്കെടുക്കണമെന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചു. ഫോൺ : 0487-2423189.

## നാഷണൽ ട്രസ്റ്റ് ആക്ട് അദാലത്ത് നടത്തി

ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, ഭിന്നശേഷി എന്നിവ ബാധിച്ച കുട്ടികൾക്ക് രക്ഷിതാക്കളെ നിയമിക്കുക, ഇവരുടെ സ്വത്ത് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുക എന്നിവ ലക്ഷ്യമിട്ട് നാഷണൽ ട്രസ്റ്റ് ആക്ടനുസരിച്ചുള്ള അദാലത്ത് വനിതാ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്നു വരുന്നു. ജില്ലാ കളക്ടർ എസ് ഷാനവാസിന്റെ സാന്നിദ്ധ്യത്തിൽ നടന്ന അദാലത്തിൽ 42 കേസുകൾ പരിഗണിച്ചു. 42 കേസുകളിലും രക്ഷിതാക്കളെ നിയമിച്ചു. വസ്തുസംബന്ധമായ പ്രശ്നങ്ങളും പരിഹരിച്ചു. കമ്മിറ്റി അംഗങ്ങളായ കെ വി രാമചന്ദ്രൻ, അഡ്വ. സി എസ് രാമചന്ദ്രൻ, ഡോ. ഷാജി, ജില്ലാ രജിസ്ട്രാർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ, എൻജിഒ അംഗമായ സ്വാശ്രയ സ്കൂൾ പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു.

## പോലീസുകാർക്കുള്ള

## ദ്വിദിന പരിശീലന പരിപാടി

വനിതാ ശിശുവികസന ഓഫീസിന്റെ ആഭിമുഖ്യത്തിൽ ചൈൽഡ് വെൽഫയർ പോലീസ് ഓഫീസർമാർക്കുള്ള ദ്വിദിന ഓറിയന്റേഷൻ പരിപാടിക്ക് ഇന്ന് (ജൂലൈ 26) രാവിലെ 10 ന് തൃശൂർ ഹോട്ടൽ എലൈറ്റ് ഇന്റർനാഷണലിൽ തുടക്കമാവും. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് ഉദ്ഘാടനം ചെയ്യും. ജില്ലാ ലീഗൽ സർവീസ് അതോറിറ്റി, സെക്രട്ടറി സബ് ജഡ്ജ് കെ വി റോയി അദ്ധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ പത്മിനി ടീച്ചർ മുഖ്യപ്രഭാഷണം നടത്തും.

## മഞ്ഞപ്പിത്തത്തിനെതിരെ ജാഗ്രത പുലർത്തണം: ഡിഎംഒ

ലോക മഞ്ഞപ്പിത്ത ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം രാമവർമ്മപുരം ഫയർ ആൻഡ് സേഫ്റ്റി അക്കാദമിയിൽ ഇന്ന് (ജൂലൈ 26) ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അദ്ധ്യക്ഷ മഞ്ജുളാരുണൻ നിർവഹിക്കും. ഹെപ്പറ്റൈറ്റിസ് എ,ബി,സി,ഇ എന്നിവയെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിനും അവയുടെ നിയന്ത്രണം ഉറപ്പ് വരുത്തുന്നതിനുമുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനുമാണ് എല്ലാ വർഷവും ലോക മഞ്ഞപ്പിത്ത ദിനം ആചരിക്കുന്നത്. കുളങ്ങളിൽ നിന്നുള്ള മലിന ജലത്തിലൂടെയും ആഘോഷങ്ങൾക്ക് നൽകുന്ന വെൽക്കം ഡ്രിങ്ക്, കടകളിൽ വിൽക്കുന്ന ശീതള പാനീയങ്ങൾ എന്നിവയിൽ ഉപയോഗിക്കുന്ന കോമേഴ്സ്യൽ ഐസിലൂടെയും സെപ്റ്റിക് ടാങ്കുകളിലെ ചോർച്ച മുഖേന കിണറുകളിലെ വെള്ളം മലിനമാകുന്നതിലൂടെയുമാണ് രോഗം പ്രധാനമായും പടർന്നു പിടിക്കുന്നത്. മഞ്ഞപ്പിത്തം അഥവാ ഹെപ്പറ്റൈറ്റിസ് എ എന്ന വൈറൽ രോഗം വരാതിരിക്കുന്നതിനായി തിളപ്പിച്ചാറിയ വെള്ളം കുടിക്കുക, വൃത്തിയുള്ള ഭക്ഷണം കഴിക്കുക, തുറന്ന പ്രദേശങ്ങളിൽ മലമൂത്ര വിസർജ്ജനം ചെയ്യരുത്, മല മൂത്ര വിസർജ്ജനത്തിനു ശേഷം കൈകൾ സോപ്പുപയോഗിച്ച് വൃത്തിയായി കഴുകുക, രോഗിയുമായുള്ള സമ്പർക്കം ഒഴിവാക്കുക എന്നീ കാര്യങ്ങൾ ശ്രദ്ധിക്കണം. അസുഖ ബാധിതർ ധാരാളം വെള്ളം കുടിക്കുകയും കൊഴുപ്പില്ലാത്ത ഭക്ഷണം കഴിക്കുകയും വിശ്രമിക്കുകയും ചെയ്യണം. ഒന്നര മാസം കൊണ്ട് അസുഖം പൂർണ്ണമായും ഭേദമാകും. കരളിനെ ബാധിക്കുന്ന രോഗമായതിനാൽ ഇടക്കിടെ പരിശോധനകൾ നടത്തണം. മഞ്ഞപ്പിത്തത്തിനെതിരെ പ്രതിരോധ കുത്തിവെയ്പ്പ് ലഭ്യമാണ്.

## ഉജ്ജ്വല പദ്ധതി നടപ്പാക്കൽ: അപേക്ഷ ക്ഷണിച്ചു

വാണിജ്യാടിസ്ഥാനത്തിൽ ലൈംഗിക ചൂഷണത്തിനായി സ്ത്രീകളെയും കുട്ടികളെയും കടത്തുന്നത് തടയുക, ചൂഷണത്തിന് ഇരയായവരുടെ സംരക്ഷണം, പുനരധിവാസം, പുനരേകീകരണം, സ്വദേശത്തേക്ക് മടക്കി അയ്ക്കൽ എന്നീ ലക്ഷ്യത്തോടെയുള്ള സമഗ്രകേന്ദ്രാവിഷ്കൃത പദ്ധതിയായ ഉജ്ജ്വല നടപ്പാക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്തതും മൂന്ന് വർഷത്തെ പ്രവർത്തനപരിചയമുള്ളതുമായ സംഘടനകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ നിശ്ചിത മാതൃകയിലുള്ള നിർദ്ദേശം ഡയറക്ടർ, വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറേറ്റ്, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ ജൂലൈ 15 നകം നൽകണം. ഫോൺ : 0471-2346534.

## 2019-20 വാർഷിക പദ്ധതി: ആഗസ്റ്റ് ഒന്നു മുതൽ മൂന്ന് വരെ അവലോകനം നടത്തും

ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമത ഉറപ്പാക്കാനുള്ള അവലോകനയോഗം ആഗസ്റ്റ് ഒന്നു മുതൽ മൂന്ന് വരെ നടത്താൻ ജില്ലാ ആസൂത്രണ ഭവൻ കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലാ ആസൂത്രണ സമിതി യോഗം തീരുമാനിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ എസ് ഷാനവാസ് സന്നിഹിതനായി. ഗ്രാമപഞ്ചായത്തുകളിൽ പട്ടികജാതി ഉപപദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകളിൽ സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമില്ലാ

ത്തവയ്ക്ക് ബ്ലോക്ക് തല പട്ടികജാതി വികസന ഓഫീസർമാർ അംഗീകാരം ചെയ്തു നൽകണ മെന്ന് അദ്ധ്യക്ഷ പറഞ്ഞു. കേന്ദ്ര സർക്കാറിന്റെ ആർജിഎസ്എ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തെക്കുംകര ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ 'ഉണർവ്-മച്ചാട്' പ്രോജക്ട് റിപ്പോർട്ട് യോഗം അംഗീ കരിക്കുകയും കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ ശുപാർശ ചെയ്യുകയും ചെയ്തു. ഒമ്പതാം പഞ്ചവ ത്സര പദ്ധതി മുതൽ ആരംഭിച്ചതും നിലവിൽ തുടരുന്നതുമായ മാതൃക-നൂതന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും സമർപ്പിക്കണമെന്ന് യോഗം നിർദ്ദേശിച്ചു. ജില്ല യിൽ കോലഴി ഗ്രാമപഞ്ചായത്ത് ഒഴികെ മുഴുവൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും വാർഷിക പദ്ധതി ഭേദഗതി യോഗം അംഗീകരിച്ചു. യോഗത്തിൽ ആസൂത്രണസമിതി സർക്കാർ നോമിനി എം എൻ സുധാകരൻ, ജില്ലാ പ്ലാനിങ് ഓഫീസർ ടി ആർ മായ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

തദ്ദേശസ്ഥാപനങ്ങൾ അവലോകന യോഗം തീയതി, തദ്ദേശഭരണ സ്ഥാപനം, വേദി, സമയം യഥാക്രമത്തിൽ. ആഗസ്റ്റ് ഒന്ന്: തൃശൂർ കോർപ്പറേഷൻ ജില്ലാ പഞ്ചായത്ത്, ജില്ലാ പ്ലാനിങ് ഓഫീസ് മിനി കോൺഫറൻസ് ഹാൾ, രാവിലെ 10, വടക്കാഞ്ചേരി, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി കൾ, ജില്ലാ പ്ലാനിങ് ഓഫീസ് മിനി കോൺഫറൻസ് ഹാൾ, ഉച്ച 2, വടക്കാഞ്ചേരി ബ്ലോക്കും ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളും, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ഹാൾ,
രാവിലെ 10. പഴയന്നൂർ ബ്ലോക്കും ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളും, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഹാൾ, ഉച്ച 2. ചൊവ്വന്നൂർ ബ്ലോക്കും ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളും, ചൊവ്വ ന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഹാൾ, രാവിലെ 10. പുഴക്കൽ ബ്ലോക്കും ബ്ലോക്ക് പരിധിയിലെ പഞ്ചായ ത്തുകളും, പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് ഹാൾ, ഉച്ച 2. കൊടകര ബ്ലോക്കും ബ്ലോക്ക് പരിധി യിലെ പഞ്ചായത്തുകളും, ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാൾ, രാവിലെ 10. ഒല്ലൂക്കര ബ്ലോക്കും ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളും, ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാൾ, ഉച്ച 2. ആഗസ്റ്റ് രണ്ട: ചേർപ്പ് ബ്ലോക്കും ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളും, ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാൾ, രാവിലെ 10. അന്തിക്കാട് ബ്ലോക്കും ബ്ലോക്ക് പരിധി യിലെ പഞ്ചായത്തുകളും, ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാൾ, ഉച്ച 2. ഗുരുവായൂർ കുന്നംകുളം മുനിസിപ്പാലിറ്റികൾ, ജില്ലാ ആസൂത്രണഭവൻ മിനി കോൺഫറൻസ് ഹാൾ, രാവിലെ 10. കൊടുങ്ങല്ലൂർ ചാവക്കാട് മുനിസിപ്പാലിറ്റികൾ, ജില്ലാ ആസൂത്രണഭവൻ മിനി കോൺഫറൻസ് ഹാൾ, ഉച്ച 2. ചാലക്കുടി ബ്ലോക്കും ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളും, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് ഹാൾ, രാവിലെ 10. ചാലക്കുടി മുനിസിപ്പാലിറ്റി, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് ഹാൾ, ഉച്ച 2. ചാവക്കാട് ബ്ലോക്കും ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളും, ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് ഹാൾ, രാവിലെ 10. മുല്ലശ്ശേരി ബ്ലോക്കും ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളും, മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഹാൾ, ഉച്ച 2. ആഗസ്റ്റ് മൂന്ന്: വെള്ളാങ്കല്ലൂർ ബ്ലോക്കും ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളും, വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ഹാൾ, രാവിലെ 10. മതിലകം ബ്ലോക്കും ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളും, മതിലകം ബ്ലോക്ക് പഞ്ചായത്ത് ഹാൾ, ഉച്ച 2. മാള ബ്ലോക്കും ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളും, മാള ബ്ലോക്ക് പഞ്ചായത്ത് ഹാൾ, രാവിലെ 10. ഇരിങ്ങാലക്കുട ബ്ലോക്കും ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളും, ഇരിങ്ങലാക്കുട ബ്ലോക്ക് പഞ്ചായത്ത് ഹാൾ, ഉച്ച 2. തളിക്കുളം ബ്ലോക്കും ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളും, ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാൾ, രാവിലെ 10.